# എസ് എൻ എച്ച് എസ്സ് ശ്രീകണ്ഠേശ്വരം
# പൂച്ചാക്കൽ

## *അക്കാദമിക് മാസ്റ്റർപ്ലാൻ 2025- 26*



# ആമുഖം

പൊതുവിദ്യാഭ്യാസ രംഗം അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ് ഊർജസ്വലരായവരും തലമുറയെ വാർത്തെടുക്കുക എന്നതിലൂടെ കേരളത്തിന്റെപാരമ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനാമൂല്യങ്ങൾ ഉറപ്പാക്കാനും നാം പ്രതിജ്ഞാ ബദ്ധരാണ്.

വിദ്ധ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുവാനായി സംസ്ഥാനതലം മുതൽ സ്കൂൾതലം വരെ വിവിധ കമ്മറ്റികൾ രൂപികരിച്ചിട്ടുണ്ട്.സ്കൂൾ വികസന സമിതിയുടെ നേതൃത്തത്തിൽ വികസന പദ്ധതികൾ, അക്കാദമികം, ഭൗതികം,സാമൂഹികം എന്നീ തലങ്ങളിൽ വികസികിച്ചിട്ടുണ്ട്. സ്കൂൾ മാനേജനെന്റ്, പി റ്റി എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് വികസന പ്രവർത്തന പദ്ധതികൾക്ക് രൂപംകൊടുത്തിരിക്കുന്നത്. പൂച്ചാക്കൽ ശ്രീകണ്ഠേശ്വരം ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനയി തയ്യാറാക്കിയ വികസന പദ്ധതി “എസ് എൻ എച്ച് എസ് എസ് മിഷൻ 2030 എന്ന പേരിൽ ഇവിടെ സമർപ്പിക്കുകയാണ്. പദ്ധതിനിർവഹണത്തിൽഎല്ലാവരുടേയും പങ്കാളിത്തം ഉണ്ടാകണമെന്ന് താൽപര്യപെടുന്നു. നമ്മുടെ നാട്ടിലുള്ള ഓരോ കുട്ടിക്കും മികവുറ്റ ധാരണകളും നൈപുണികളും നേടുന്നതിനാവ്ശ്യമായ അവസരമൊരു ക്കുന്നതിനായി ഏവരുടെയും പൂർണ്ണ പിന്തുണയും, സഹകരണവുംഅദ്യർത്ഥിച്ചുകൊണ്ട് സമർപ്പിക്കുന്നു.

# ചരിത്രം

വിദ്യാഭ്യാസപരമായി മേധാവിത്വം നേടിയാലെ ചൂഷണത്തിൽ നിന്നും മോചനം നേടാനാവുകയുള്ളൂ എന്ന സത്യം തിരിച്ചറിഞ്ഞ് ശ്രീനാരായണഗുരുദേവൻ വിദ്യകൊണ്ട് സ്വതന്ത്രരാവാൻ ആഹ്വാനം ചെയ്തു.

ആലപ്പുഴ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ പ്രതിഷ്ഠ നടത്തിയ ഗുരുദേവൻചേർത്തല താലൂക്കിലെ പാണാവള്ളി ഗ്രാമത്തിൽ ശ്രീകണ്ഠേശ്വരത്ത് മലയാള വർഷം1097-ൽ ശിവപ്രതിഷ്ഠ നടത്തിയപ്പോൾ ഈ ദേശത്ത് മലയാളക്കര മുഴവൻ ശ്രദ്ധിക്കപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളർന്ന വരുമെന്ന് ഗുരു മനസ്സിൽ കണ്ടിരിക്കാം

സാദാരണക്കാരായ കയർ തൊഴിലാളികളും മത്സ്യത്തൊഴിലാളികളും പകലന്തിയോളം അന്നത്തിനു വേണ്ടി കഷ്ടപ്പെടുമ്പോൾ അവരുടെ മക്കളെ ദൂരദേശത്ത് വിട്ട് വിദ്യ അഭ്യസിക്കുവാൻ നിർവാഹം ഇല്ലാതിരുന്ന കാലത്ത് ശ്രീകണ്ഠേശ്വരം 544 നമ്പർ ശാഖാ യോഗത്തിന്റെ കീഴിൽ ഒരു ഹൈസ്കൂൾ തുടങ്ങുവാൻ ശാഖാ യോഗം പ്രവർത്തകർക്ക് അതിയായ ആഗ്രഹമുണ്ടാവുകയും ചെയ്തു 1984 ൽ ശ്രീ ടി എം ജേക്കബ് വിദ്യാഭ്യാസ മന്ത്രി ആയിരിക്കെ സ്കൂൾ അനുവദിച്ച് ഉത്തരവിറക്കുകയും ചെയ്തു

1984 ൽ കുന്നേ പറമ്പിൽ ശ്രീ കെ കെ രാജപ്പൻ മാനേജരായുള്ള കമ്മറ്റിയുടെ നിരന്തര ശ്രമഫലമായി ഇന്ന് ഹൈസ്കൂൾ വൊക്കേഷണൽ ഹയർസെക്കൻഡറി ഹയർസെക്കൻഡറി ബി എഡ് കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾആയി വളർന്നുവന്നു.

1984 ൽ മൂന്ന് ഡിവിഷനുകളിലായി103 വിദ്യാർത്ഥികളുമായി തുടങ്ങിയ സ്കൂളിൽ ഇന്ന്600 ൽ അധികം കുട്ടികൾ പഠിക്കുന്നു. അന്നുമുതൽ ഇന്നുവരെ എല്ലാവർഷവും എസ്എസ്എൽസിക്ക് മികച്ച വിജയം നേടുവാൻ സാധിക്കുന്നത് അധ്യാപകരുടെയും അനധ്യാപകരുടെയും മാനേജ്മെന്റ് ന്റെയും പി റ്റി എ കമ്മറ്റിയുടെയും കഠിനപ്രയത്നം കൊണ്ട് മാത്രമാണ്. തുറവൂർ ഉപജില്ലാ കലോത്സവത്തിൽ തുടർച്ചയായി ഓവറോൾ ചാമ്പ്യൻഷിപ്പ് ഈ സ്കൂൾ നേടുന്നു. ജില്ല സംസ്ഥാനങ്ങളിൽ കലോത്സവങ്ങളിൽ മികച്ച വിജയം നേടുവാൻ സാധിക്കുന്നു.

1984 ൽ പ്രവർത്തനം ആരംഭിച്ച കേവലം 41 വർഷം കൊണ്ട് തന്നെ കേരളത്തിലെ ഏറ്റവും മികച്ച പൊതുവിദ്യാലയങ്ങളിൽ ഒന്നായി തീരാൻ സ്കൂളിന് കഴിഞ്ഞു.

2020 ൽ ശ്രീ എ ൽ അശോകൻ സ്കൂൾ മാനേജരായി ചുമതല ഏറ്റു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളിൽ ഏറ്റവും മികച്ചതാക്കി മാറ്റാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

# ലക്ഷ്യങ്ങൾ

കാലാനുഗതമായ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്ന നവലോകത്തെ നൂതന സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി പഠിതാവിന്റെ നിലവാരത്തെ മികവുറ്റതാക്കുക എന്നതാണ് സുപ്രധാന ലക്ഷ്യം. വിദ്യാർത്ഥികൾ ആർജ്ജിച്ച അറിവുകളെ പരിഗണിച്ചുകൊണ്ട് ഫലപ്രദമായ പഠന പ്രവർത്തനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. അവയെല്ലാം താഴെ പറയുന്ന ഘടകങ്ങൾക്ക് ഊന്നൽ നൽകുന്നവയാണ്.

- പ്രവർത്തനാധിഷ്ഠിതമായത്.
- കാലോചിതം
- ഐ.സി.ടി. സാധ്യതകൾ പ്രയോജനപെടുത്തുന്നത്.
- പരിസ്ഥിതി സൗഹൃദമായത്.
- ഭിന്നശേഷിക്കാരെ പരിഗണിച്ചിട്ടുള്ളത്.
- പഠനത്തോടൊപ്പം വിലയിരുത്തലും ഉറപ്പ് വരുത്തുന്നത്.
- പഠിതാവിന് കേന്ദ്ര സ്ഥാനം നൽകിയിട്ടുള്ളത്.

## പഠനാന്തരീക്ഷം

പഠന പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചിട്ടുള്ളതാണ്.അതിന് സഹായകമായ പഠനാന്തരീക്ഷമാണ് നമ്മുടെ വിദ്യാലയത്തിൽ സജ്ജമാക്കുന്നത്.അത്യാധുനികവും ഏറെ സൗകര്യമുള്ളതുമായ ക്ലാസ് മുറികൾ അവർക്കായി തയ്യാറാക്കിയിരിക്കുന്നു .

## പഠന പ്രക്രിയ

- ഓരോ കുട്ടിയുടേയും സമഗ്ര വളർച്ച ലക്ഷ്യം വയ്ക്കുന്നു.
- വ്യത്യസ്തമായ പഠനാവശ്യമുള്ളവരേയും പരിഗണിക്കുന്നു.
- പഠനവേഗം പരിഗണിച്ച് പടനാനുഭവങ്ങൾ നൽകുന്നതിനാൽ പഠന പ്രക്രിയ ഫലപ്രദമാകുന്നു.

## പഠന നേട്ടങ്ങൾ

വിവിധ വിഷയങ്ങളുമായി ബന്ധിപ്പിച്ച് നടക്കുന്ന പഠന പ്രവർത്തനങ്ങളുടെ ഫലമായി അറിവ് ശേഷികൾ മനോഭാവങ്ങൾ മൂല്യങ്ങൾഎന്നിവ പഠിതാവിൽ രൂപപെടുന്നു.പാഠ്യ പദ്ധതിയുടെ ഫലപ്രദമായ വിനിമയത്തിലൂടെ എല്ലാ കുട്ടികളുടേയും പഠന നേട്ടങ്ങൾ മുന്നിൽ കണ്ട് പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു.

## സ്റ്റാഫ് പ്രതിനിധികൾ

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | - | സ്വപ്ന വത്സലൻ |
| സീനിയർ അസിസ്റ്റന്റ് | - | സന്ധ്യ എൻ എസ് |
| സ്റ്റാഫ് സെക്രട്ടറി | - | ഗിരീഷ് വി ആർ |
| ഗണിതം | - | ബിന്ദുമോൾ എം എസ് |
| ഫിസിക്സ് | - | സജിത ജിനൻ |
| കെമിസ്ട്രി | - | ലീനാമ്മ കെ എം |
| ബയോളജി | - | ജന്യ എൻ |
| സോഷ്യൽ സയൻസ് | - | സന്ധ്യ എൻ എസ് |
| മലയാളം | - | റീന എസ് |
| ഇംഗ്ലീഷ് | - | അമ്പിളി പി |
| ഹിന്ദി | - | രാജി A |
| എസ് ഐ ടി സി | - | അനു പ്രകാശ് |
| ഫിസിക്കൽഎഡ്യൂക്കേഷൻ | - | അഖിൽ ബാബു |
| അറബി | - | സുഹൈൽ ടി എ |
| പ്രവർത്തി പരിചയം | - | സുമി സോദരൻ |
| സംസ്കൃതം | - | അനു പ്രകാശ് |
| സംഗീതം | - | നന്ദകുമാർ കെ കമ്മത്ത് |

**ക്ലബ്ബ് കൺവീനർമാർ**

| | | |
|---|---|---|
| ഹെൽത്ത് ക്ലബ് | - | അഖിൽ ബാബു |
| ക്രാഫ്റ്റ് ക്ലബ് | - | സുമി സോദരൻ |
| ഉച്ച ഭക്ഷണം | - | ദീപ ഹരി |
| സോഷ്യൽസയൻസ്ക്ലബ് | - | റോഷ്നി കെ ടി |
| സയൻസ് ക്ലബ്ബ് | - | ജന്യ |
| ഗണിതം | - | ബിന്ദുമോൾ എംഎസ് |
| ലൈബ്രറി | - | ഗിരീഷ് വി ആർ |
| ജാഗ്രതാ കമ്മറ്റി | - | ബിന്ദു മോൾ വിഎം |
| ലിറ്റിൽ കൈറ്റ് | - | ഗിരീഷ് വി ആർ<br>പ്രദീപ പ്രതാപൻ |
| എസ് പി സി | - | അരുൺ കുമാർ എം ആർ<br>ഷീല എസ് |
| സ്കൗട്ട് | - | സുഹൈൽ |
| ഗൈഡ് | - | അമ്പിളി പി |
| ജെ ആർ സി | - | സബിത സി പി |
| സാഹിത്യ വേദി | - | റീന എസ് |

## അക്കാദമിക മാസ്റ്റർപ്ലാൻ മലയാളം - നമ്മുടെ മാതൃഭാഷ

മാതൃഭാഷയിലുള്ള പ്രാവീണ്യം പഠിതാവിനെ പ്രാപ്തരാക്കുന്നു. ഭാവനയുടെ വികസനവും ചിന്താശേഷിയും സർഗ്ഗശേഷിയും പരിപോഷിപ്പിക്കുവാനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

ലക്ഷ്യങ്ങൾ

- മലയാളം തെറ്റുകൂടാതെ എഴുതാനും വായിക്കാനും പഠിക്കുക.

- മുഴുവൻ കുട്ടികൾക്കും ഭാഷാപരമായ നൈപുണി നേടുന്നതിന് ഭാഷാപഠനം സഹായിക്കുന്നു
- എല്ലാ കുട്ടികളിലും മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം മനസിലാക്കി അർത്ഥപൂർണമായ രീതിയിൽ പുസ്തക വായന സാധ്യമാക്കുന്നു
- ഐ.ടി. അടക്കമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു
- മുഴുവൻ കുട്ടികൾക്കും ഭാഷാപരമായ നൈപുണി നേടുന്നതിന് ഭാഷാപഠനം സഹായിക്കുന്നു.
- എല്ലാ കുട്ടികളിലും മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം മനസിലാക്കി അർത്ഥപൂർണമായ രീതിയിൽ പുസ്തക വായന സാധ്യമാക്കുന്നു.
- ഐ.ടി. അടക്കമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്.

## പ്രവർത്തനങ്ങൾ

ഭാഷാധ്യാപകർ സബ്ജക്ട് കൗൺസിൽ കൂടി ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നു. ചർച്ചയിൽ തീരുമാനിച്ച കാര്യങ്ങൾ യഥാക്രമം നടപ്പിലാക്കുന്നു.

ജൂൺ

- എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ
- പാഠപുസ്തക വായന നിർബന്ധമാക്കൽ
- വിദ്യാരംഗം സാഹിത്യവേദി ക്ലബ്ബിന്റെ നേതൃത്വത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ (കവിതാ പാരായണം, പുസ്തകാസ്വാദനം, ഏതെങ്കിലുമൊരു സാഹിത്യകാരന്റെ പ്രധാന കൃതി പരിചയപ്പെടുത്തൽ)
- ജൂൺ 19 മുതൽ വായനവാരം ആചരിക്കുന്നു. പി.എൻ പണിക്കരുടെ സ്മരണാർത്ഥം പ്രത്യേക അസംബ്ലി നടത്തുന്നു.
- പുസ്തകപരിചയം വായന ദിന സന്ദേശം, ചിന്താവിഷയം പങ്കുവെക്കൽ വായനാദിനക്വിസ്

ജൂലൈ

- ജൂലൈ **5-** വൈക്കം മുഹമ്മദ് ബഷീർ ദിനം ആചരിക്കുന്നു. അതിനോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കാരിക്കേച്ചർ ദൃശ്യാവിഷ്കാരം നാടകം പ്രതിപ്പ് തയ്യാറാക്കൽ എന്നിവ അതിന്റെ ഭാഗമായി നടത്തപ്പെടുന്നു
- ബഷീറിന്റെ പ്രധാന കൃതികൾ പരിചയപ്പെടുത്തുന്നു.

  വായനാ കൂട്ടം രൂപീകരിക്കൽ

ആഗസ്റ്റ്

- വഴി പരിശീലനം **(**ഒറേറ്റർ**)**
- പഠനയാത്ര സംഘടിപ്പിക്കുന്നു
- ഓണപ്പാട്ടുകളും നാടൻ പാട്ടുകളും ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുന്നു

സെപ്റ്റംബർ

- ഓണാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നു.

ഒക്ടോബർ

- ഒക്ടോബർ.27 വയലാർ രാമവർമ്മ അനുസ്മരണദിനം

വയലാറിന്റെ സിനിമാഗാനങ്ങൾ കവിതകൾ എന്നിവ ഉൾകൊള്ളിച്ചു കൊണ്ടുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

നവംബർ

- നവംബർ 1 കേരളപ്പിറവിദിനം ആചരിക്കുന്നു.

കേരളപ്പിറവിദിന സന്ദേശം, ക്വിസ് മത്സരം മാതൃഭാഷ ഇന്ന് അന്യവൽക്കരിക്കപ്പെടുന്നുണ്ട് എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിക്കുന്നു.

ഡിസംബർ

- രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു കുട്ടി സ്വന്തം കഥയെഴുതി അവതരിപ്പിക്കുന്നു കഞ്ചൻദിനം ആചരിക്കുന്നു.

## അക്കാദമിക മാസ്റ്റർപ്ലാൻ English

In order to improve the interactive skills in students, we the teachers of English put forward the year plan, that we decided to do in the economic academic years.

1. Ensure that all English learners access and master the English language in a timely manner.
2. Engage English learners in meaningful cultural, social and academic activities.
3. Develop excellent communication skills in English.
4. Encourage and empower creative and academic skills.

Activities that we decided to implement this year

1. Story time : To encourage reading habit, distribute library books and encourage students to write short reviews.
2. Drama and Theatre : Prepare the children to present drama /skit for Kalamela and Annual day.

9 Encourage the students to write scripts for dramatic presentations from the text and present in the class.

3. Cinema and documentary : Conduct film festivals related with a theme.
4. Young talents : Conducting competitions to find out young talents.

9 Speech
9 Recitation
9 Essay Writing
9 Poem Writing

5. Collaborative learning experience : writing posters and slogans related with special days of celebrations.
6. News reading, thought for the day presentations.
7. Public speaking tutorials start on oratory club and give necessary training for the children for public speaking.
8. Smart English Class – To make it more efficient. Include activity based activities. Vocabulary learning reels and games also can include to make it child friendly.
9. English Fest – End of second term, arrange a week to celebrate English related activities.

Other things discussed

1. Ensure subject council is meeting weekly.

2. From the five English periods, one fixed period is leaving for Grammar teaching.
3. Instead of following the conventional teaching, make the classes more active by giving more importance for communicative English. A few activities can skip and others can include in the C.E. make sure that all English teachers are doing the same activities.
4. Ensure that all children are completely notes.
5. Enable the children to write appreciation of poems. Give necessary guidance and training incessantly.
6. Before starting each unit give an overview of the pattern of the unit.

Activities
June

1. English club Inauguration.
2. Story time O To encourage reading habit distribute library books and encourage students to write short reviews.
3. Inauguration : Smart English programme.

August
1. Inauguration of Oratory club
2. Speech (Comp)

September
1. Drama Club
2. Essay writing competition.

October
1. Cinema and a documentary conducting film festival related with a theme.

November
1. Short film making competition.
2. Poster and slogan making related with the theme.

December
1. Story writing competition

January
1. English Fest.

## അക്കാദമിക മാസ്റ്റർ പ്ലാൻ - സാമൂഹ്യശാസ്ത്രം

വ്യക്തിയും സമൂഹവും തമ്മിലും വ്യക്തികൾ തമ്മിലും ഇടകലർന്നബന്ധങ്ങളെ കുറിച്ചുള്ള അന്വേഷണമാണ് സാമൂഹ്യ ശാസ്ത്ര പഠനം. ശാസ്ത്രം,രാഷ്ട്രതന്ത്രം, സാമൂഹ്യ ശാസ്ത്രം, ഭൂമി ശാസ്ത്രം, സാമ്പത്തിക ശാസ്ത്രംഎന്നിങ്ങനെ വ്യത്യസ്ത മേഖലകളിലായി ഇതിനെ വേർതിരിച്ചിരിക്കുന്നു.

2025 ജൂൺ 3 -ന് സോഷ്യൽ സയൻസ് കൗൺസിൽ മീറ്റിംഗ് സമ്മേളിച്ചു.ഈ വര്ഷത്തെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സാമൂഹ്യ ശാസ്ത്രപഠനം എങ്ങനെ ഉൾച്ചേർക്കാമെന്ന് ചർച്ച ചെയ്തു. കുട്ടികളുടെ വ്യക്തിത്വരൂപീകരണവും സാമൂഹീകരണവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾആസൂത്രണം ചെയ്തു.

**ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ**

- വർഷാരംഭത്തിൽ തന്നെ സോഷ്യൽ സയൻസ് ക്ലബ്ബ് രൂപീകരിക്കുക.
- ക്ലബ്ബ് മീറ്റിംഗിനായി കൃത്യമായും സമയബന്ധിതമായും നടത്തുക.
- ക്ലബ്ബിന്റെ പ്രവർത്തന റിപ്പോർട്ട് മിനിട്സ് ബുക്ക് എന്നിവ കൃത്യമായ സൂക്ഷിക്കുക.
- ഓരോ മാസവും ഒരു ഔട്ട്പുട്ട്എങ്കിലും ഉണ്ടാവുക.
- സബ്ജക്ട് കൺസിൽ കൃത്യമായി കൂടുക.

**2025-26 വർഷം നടത്തുവാൻ പോകുന്ന പ്ര ധാന പ്രവർത്തനങ്ങൾ**

ജൂൺ

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ഡ്രൈ ഡേ ആചരിക്കുക.
ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ

ജൂലൈ .

ഡ്രൈഡേ ആചരണം
ജനസംഖ്യാ ദിന ക്വിസ് മത്സരം

ആഗസ്റ്റ്

യുദ്ധ വിരുദ്ധ ദിനത്തോടനുബന്ധിച്ച് സഹായിക്കുന്ന മോട്ടിവേഷൻ ക്ലാസ്സ്.

സ്വാതന്ത്ര്യദിനാഘോഷം

സെപ്റ്റംബർ

സോഷ്യൽ സയൻസ് സബ്ജില്ല മേളയ്ക്കായുള്ള തയ്യാറെടുപ്പുകൾ.

ഒക്ടോബർ

ഗാന്ധി ക്ലബ്ബ് രൂപീകരണം

- ഗാന്ധി ജയന്തി ദിനാചരണം
- ഗാന്ധി ജയന്തി സന്ദേശം

നവംബർ

- ഭരണഘടനാ ദിനത്തോടനുബന്ധിച്ച് സെമിനാർ
- സ്വാതന്ത്ര്യ സമര സേനാനികളെക്കുറിച്ച് ക്വിസ് മത്സരം
- ശിശുദിനം - പണ്ഡിറ്റ് ജവഹർലാർ അനുസ്മരണം

ഡിസംബർ

- സ്കൂൾ പരിസരം വൃത്തിയാക്കൽ

ജനുവരി

- റിപ്പബ്ലിക് ദിനം - ഇന്ത്യൻ ഫെഡറൽ സംവിധാനത്തെക്കുറിച്ച് പ്രവർത്തനങ്ങൾ നൽകി പേപ്പർ അവതരിപ്പിക്കുന്നു.

ഫെബ്രുവരി

- ജല സംരക്ഷണം, മണ്ണ് സംരക്ഷണം ഇവയുമായി ബന്ധപ്പെട്ട്
- ബോധവൽക്കരണ സെമിനാർ.

മാർച്ച്

- സ്കൂൾ പരിസരം വൃത്തിയാക്കല്

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

**മേഖല അക്കാദമികം**

**പൊതുവായ ലക്ഷങ്ങൾ**

**1.**സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

2.ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

3. ഹിന്ദി ഭാഷാ പഠന ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

4 ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശ സ്നേഹവും |വളർത്തിയെടുക്കുന്നു.

5. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

**എട്ടാം തരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം ചിഹ്നം തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു .ഉച്ചാരണം പരിശീലിപ്പിക്കുന്നു | അക്ഷരങ്ങൾ എഴുതിയിരിക്കുന്ന അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ<br>ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസ്സിലെ ഓരോ കുട്ടിയുടേയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക്ഷീറ്റ് നൽകുന്നു.ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ |
| ഹിന്ദി അനായാസം എഴുതുവാനും പരിശീപ്പിക്കുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു | ഡിസംബർ മുതൽ ജനുവരി വരെ |
| വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു | ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു | ജനുവരി |

**ഒമ്പതാം തരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽപരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു ചിത്രങ്ങൾ അടങ്ങിയ ദ. പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു | ജൂൺ<br>ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യ ഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതിപ്പിക്കുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ |
| പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. കവിതകൾ നൽകി ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ വായിപ്പിക്കുന്നു | ഡിസംബർ ജനുവരി |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു | സന്ദർഭോചിതമായി സംഭാഷണങ്ങൾ തയ്യാറാക്കാൻ പറയുന്നു തിരക്കഥ ഡയറി, പോസ്റ്റർ, കത്ത്, സംഭാഷണം പത്രവാർത്ത എന്നിവ തയ്യാറാക്കുന്നു | ജൂൺ<br>ജൂലൈ |
| സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ നൽകുന്നു കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു | പദ്യം ചൊല്ലൽ ,കഥ,കവിത, പോസ്റ്റർ നിർമ്മാണം എന്നിവ നൽകുന്നു. | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു കഥാപാത്ര നിരൂപണം തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതാനറിയുന്നു. | പാഠ ഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു കഥാപാത്രങ്ങളെ ആസ്പദമാക്കി കഥാപാത്ര നിരൂപണം തയ്യാറാക്കുന്നു ഡയറി എഴുതുന്നു. | നവംബർ<br>ജനുവരി |

# അക്കാദമിക് മാസ്റ്റർപ്ലാൻ - സംസ്കൃതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പഠനോപകരണങ്ങൾ |
|---|---|---|---|
| എല്ലാ കുട്ടിയ്ക്കും ഭാഷ ഫലപ്രദമായി വായിക്കുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. | | |
| അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | പതിപ്പുകൾ, മാഗസിൻ, ചിത്രപദകോശം , ഡിഷ്നറി നിർമ്മാണം | | |
| കാണുന്നതും കേൾക്കുന്നതു ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക | സംസ്കൃത ദിനാചരണം, അസംബ്ലി , ഒഴിവു സമയങ്ങളിലെ പ്രത്യേക ക്ലാസുകൾ | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗാത്മക രചനകൾ വികസിപ്പിക്കുവാനുമുള്ള അവസരങ്ങൾ നൽകുക. | വായനാമൂല , ദിനാചരണങ്ങൾ, പദപ്പയറ്റ് , മാഗസിൻ, നിഘണ്ടു നിർമ്മാണം കാർഡ് നിർമ്മാണം | | |
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പിക്കുക | കഥ , കവിത, ഉപന്യാസം തുടങ്ങിയവയുടെ രചന അവതരണം | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ ഫീൽഡ് ട്രിപ്പ് മുതലായവ |
| സാഹിത്യ അഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ | വിവിധ സാഹിത്യശാഖകളെ പരിചയപ്പെടുത്തുന്നു | | |
| ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തൽ | കഥ, കവിത സുഭാഷിതങ്ങൾ , ജീവചരിത്ര കുറിപ്പുകൾ എന്നിവ ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ അവതരണം, ചർച്ച, അവലോകനം | | |
| ഭാഷാലാബ് | വിവിധ കലാരൂപങ്ങളുടെ ആദർശ അവതരണം | | |
| അനുരൂപീകണം | പിയർ ഗ്രൂപ്പ് സംയോജനം, പ്രതിഫലനാത്മക പഠനം | | |
| അനുഭവാത്മകപഠനം | ഫീൽഡ് ട്രിപ്പ്, അഭിമുഖം, പ്രകൃതി പഠനം | | |
| തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | അഭിരുചി പ്രവർത്തനങ്ങൾ , സർഗാത്മകശേഷി വർധിപ്പിക്കൽ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ -സയൻസ്

1. ജൂൺ മാസത്തിൽ സയൻസ് ക്ലബുമായി ബന്ധപ്പെട്ട തൊഴിലധിഷ്ഠിത പഠന( electric wiring, pipe cutting etc ) പ്രായോഗിക ജീവിതത്തിൽ നേടിയെടുക്കുന്നതിന് ആവശ്യമായ പരിശീലനം സയൻസ് അധ്യാപകരുടെ നേതൃത്വത്തിൽ നൽകുന്നതിന് തീരുമാനിച്ചു. Idea hunting for YIP, Inspire Award, SIM

2. ജൂലൈ മാസത്തിൽ ചാന്ദ്രദിനത്തോടനുബന്ധിച്ച് കുട്ടികളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനായി ടെലസ്കോപ്പ് നിർമ്മാണം, വർക്ക്ഷോപ്പ്, വർക്കിംഗ് മോഡൽ, സാറ്റലൈറ്റ് എന്നിവ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു

3. ആഗസ്റ്റ് മാസത്തിൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഔഷധ സസ്യോദ്യാന നിർമ്മാണവും പരിചരണവും നടത്തുന്നതിന് തീരുമാനിച്ചു

4.സെപ്റ്റംബർ മാസത്തിൽ ശാസ്ത്രമേളയുമായി ഒരുക്കവുമായി ബന്ധപ്പെട്ട മാസത്തിന്റെ ആദ്യവാരം തന്നെ സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിച്ച അതിൽ നിന്ന് മികച്ചകുട്ടികളെ കണ്ടെത്തി അധ്യാപകരുടെ നേതൃത്വത്തിൽ സബ്ജില്ല മേളയ്ക്കായി പരിശീലനം നൽകുന്നതിന് തീരുമാനിച്ചു

5. ഒക്ടോബർ മാസത്തിൽ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് ലെയറിങ്ങ് എന്നിവ പരിശീലിപ്പിക്കുന്നതിനായി ബയോളജി അധ്യാപകരുടെ നേതൃത്വത്തിൽ ശില്പശാല സംഘടിപ്പിക്കു ന്നതിന് തീരുമാനിച്ചു

6. ഡിസംബർ മാസത്തിൽ 'പ്രകൃതിദുരന്ത നിവാരണവും എ ഐ സാങ്കേതികവിദ്യയും' എന്ന വിഷയത്തിൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു

7. ജനുവരി മാസത്തിൽ ഫിസികൾച്ചറുമായി ബന്ധപ്പെട്ട വിവിധയിനം അലങ്കാര മത്സ്യങ്ങളുടെ പ്രദർശനവും മത്സ്യകൃഷി പരിശീലനവും നൽകുന്നതിന് തീരുമാനിച്ചു

8. ഫെബ്രുവരി മാസത്തിൽ ഫുഡ് അഡൽട്രേ ഷനുമായി ബന്ധപ്പെട്ട ഭക്ഷ്യ വിഭവങ്ങളിലെ മായം ചേർക്കൽ തിരിച്ചറിയുന്നതിനും തടയുന്നതിനും ആയി ബന്ധപ്പെട്ട പ്രോജക്റ്റ് അവതരണം നടത്താൻ തീരുമാനിച്ചു

9. സ്കൂളിൽ പ്രവർത്തിക്കുന്ന റോബോട്ടിക് ക്ലാസുകൾ വിദഗ്ധരായ പരിശീലകരുടെ സഹായത്തോടെ മെച്ചപ്പെടുത്തുവാൻ തീരുമാനിച്ചു.

# അക്കാദമിക മാസ്റ്റർപ്ലാൻ – ഗണിതം

ഗണിത പഠനം സരളമായ രീതിയിൽ പഠിതാക്കളിൽ സന്നിവേശിപ്പിക്കാൻ സാധിച്ചാൽ അത് പഠിതാക്കളിൽ ഉണ്ടാക്കിയെടുക്കുന്ന ഫലപ്രാപ്തി വളരെയേറെ വിസ്മയകരമാണ്. ഗണിതശാസ്ത്രത്തെ ഭയത്തോടെയല്ല മറിച്ച് അടങ്ങാത്ത താല്പര്യത്തോടെയാണ് ഓരോ പഠിതാവും സമീപിക്കേണ്ടത് എന്ന ആശയം ദൂര വ്യാപകമായ പ്രതിഫലനങ്ങൾ സൃഷ്ടിക്കും .ഭാവിയിൽ മികച്ച ഗണിതാവബോധമുള്ള വ്യക്തികളായി തീരാൻ സ്കൂൾ പഠനകാലത്തെ ഗണിത പഠന പ്രവർത്തനങ്ങൾ ചാലക ശക്തിയായി വർത്തിക്കുക തന്നെ ചെയ്യും. ഗണിത ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ 2025-26 വർഷത്തിൽ നടപ്പിലാക്കാൻ പോകുന്ന പ്രവർത്തനങ്ങളെ പറ്റിയുള്ള വിശദാംശങ്ങൾ ചേർക്കുന്നു

ജൂൺ - ഗണിതശാസ്ത്ര ക്ലബ്ബ് രൂപീകരണം, വാരാന്ത്യ ഗണിതം, ഗണിത മൂല

ജൂലൈ - Snake and ladder board നിർമ്മാണ പരിശീലനം, കുട്ടികൾക്ക് Snake and ladder എങ്ങനെ മികച്ച രീതിയിൽ കളിക്കാമെന്നതിന്റെ പരിശീലനം

ആഗസ്റ്റ് - മെഗാഗണിത ക്വിസ് സംഘടിപ്പിക്കുന്നു

സെപ്റ്റംബർ - ജ്യോമട്രിക് ചാർട്ട് നിർമ്മാണവും അവയുടെ പ്രദർശനവും ഒരു മത്സരമായി നടത്തുന്നു

ഒക്ടോബർ-Rubics cube മത്സരം സംഘടിപ്പിക്കുന്നു

നവംബർ - Still model നിർമ്മാണവും പ്രദർശനവും , ഗണിത മെഗാ ക്വിസ് പാർട്ട് 2 സംഘടിപ്പിക്കുന്നു

ഡിസംബർ --രാമാനുജൻ ദിനചാരണം സങ്കടിപ്പിക്കുന്നു

ജനുവരി --ശ്രീ വിൻസെന്റ് സാറിന്റെ നേതൃതൊത്തിൽ കുട്ടികൾക്കായി ഏകദിന ശില്പശാല സം ഘടിപ്പിക്കുന്നു.

ഫെബ്രുവരി --ഗണിത മെഗാ ക്വിസ് പാർട്ട് 3,അതോടൊപ്പം ഓരോ ക്ലാസ്സിലെയും പാഠ ഭാഗങ്ങൾക്ക് അനുയോജ്യമായ ഐ. റ്റി. വിഭവങ്ങൾ കണ്ടെത്തുകയും Geogebra Software കുട്ടികളെ പരിചയപ്പെടുത്തി ഗണിതധിഷ്ഠിതമായ TLM നിർമ്മിക്കുന്നു.

**അക്കാഡമിക് മാസ്റ്റർ പ്ലാൻ അറബിക് 2025- 2026**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| <u>വായന</u><br>കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക, വായനയുടെലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം. ഒ അറബിക് ലൈബ്രറി വിഭാഗംകാര്യക്ഷമമാക്കുന്നു. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ,കവിതകൾ, ചിത്രകഥകൾ.വായനാ കോർണർ സ്ഥാപിക്കുന്നു. | ജൂൺ - നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| <u>എഴുത്ത്</u><br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.ഓരോ ക്ലാസിലും അറബിയ കഥയും കവിതയും മറ്റ വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസീനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. കയ്യെഴുത്ത് | sep.- November<br>നവംബർ - ഡിസംബർ | | അധ്യാപകർ പൂർവ്വ വിദ്യാത്ഥികൾ |

| | | | | |
|---|---|---|---|---|
| <u>അറിവിൻ തിളക്കം</u><br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും മാസാന്ത ക്വിസ് കാർണിവൽ.ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.കുട്ടികൾ ഉ ത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപി ക്കുന്നു. | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്<br>ലാപ്ടോപ് | സ്പോൺസർഷിപ്പ്<br>അധ്യാപകർ<br>പൂർവ്വവിദ്യാത്ഥികൾ<br>സ്പോൺസർഷിപ്പ് |
| പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു.അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | നവംബർ | പോസ്റ്ററുകൾ | അധ്യാപകർ |
| <u>ദിനാചരണങ്ങൾ</u><br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം | | ജനുവരി | സിഡി<br>കമ്പ്യൂട്ടർ ടിവി<br>പ്രൊജക്ടർ | |
| <u>ആസ്വാദനം</u> | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | ഡിസംബർ | സിഡി<br>കമ്പ്യൂട്ടർ ടിവി<br>പ്രൊജക്ടർ<br>സിഡി<br>കമ്പ്യൂട്ടർ ടിവി | അധ്യാപകർ |

| | | | | |
|---|---|---|---|---|
| അറബിക് ലാംഗ്വേജ് ലാബ്<br><br>അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ | ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ അനിമേഷൻ ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക<br><br>അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു | | പ്രൊജക്ടർ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

## അക്കാദമിക മാസ്റ്റർ പ്ലാൻ - സംഗീതം

കുട്ടികളുടെ സമഗ്രമായ വളർച്ച കലയിലൂടെ - ശാരീരികവും മാനസികവുമായ കഴിവുകൾ വളർത്തുവാൻ സംഗീതത്തിലൂടെ സാധിക്കുന്നു. ഭയം,മാനസിക

പിരിമുറുക്കമുണ്ടാക്കുന്ന സാഹചര്യം എന്നിവയിൽ നിന്ന് കുട്ടിയെ ആസ്വാദ്യകരമായ ഒരു ലോകത്തേയ്ക്ക് ആനയിക്കാൻ സംഗീതത്തിന് സാധിക്കുന്നു.

## പ്രവർത്തനങ്ങൾ

ജൂൺ

1. പുതിയ കുട്ടികളെ പരിചയപ്പെടുത്തുന്നു .

2.വിവിധ കലാമത്സരങ്ങളിലൂടെ കുട്ടികളുടെ കഴിവുകൾ കണ്ടെത്തൽ

3. സംഗീതത്തിന്റെ അടിസ്ഥാന ഘടകങ്ങളെ പരിചയപ്പെടുത്തൽ

4. പ്രശസ്തരായ കലാകാരന്മാരെ പരിചയപ്പെടുത്തൽ

ജൂലൈ

1. വിവിധ മോഡലുകൾ കൊടുത്ത് ചിത്രകല പരിചയപ്പെടുത്തുന്നു. ചിത്രം വരപ്പിക്കുന്നു.

2.പ്രശസ്തരായ ചിത്രകാരന്മാരെ പരിചയപ്പെടുത്തുന്നു .

ഓഗസ്റ്റ് |

1. കേരളത്തിലെ പാരമ്പര്യ നൃത്ത രൂപങ്ങൾ പരിചയപ്പെടുത്തുന്നു. ഓരോ പാരമ്പര്യ നൃത്ത രൂപങ്ങൾ വരിപയപ്പെടുത്തുന്നു. ഓരോ നൃത്ത രൂപത്തിലും ഉപയോഗിക്കുന്ന വാദ്യങ്ങൾ, ആലാപന രീതി,എന്നിവ പരിചയപ്പെടുത്തുന്നു.

സെപ്റ്റംബർ

1.സംഗീതത്തിലെ വൃത്യസ്ത താളങ്ങളുടെ പരിശീലനം .

2. പ്രശസ്തരായ താളവാദ്യ വിദഗ്ധരെ പരിചയപ്പെടുത്തുന്നു.

|3. ഓണപ്പാട്ട് പരിശീലനം .

ഒക്ടോബർ

1. ചിത്രകലയുടെ അടിസ്ഥാനത്തിൽ കൊളാഷ് ചിത്രം തയ്യാറാക്കൽ.

2. മനുഷ്യരൂപങ്ങൾ ഉൾക്കൊള്ളുന്ന ചിത്രരചന.

3, വിവിധ ചിത്രകാരന്മാരെ പരിചയപ്പെടുത്തൽ

നവംബർ

1. ഒരു നൃത്തം മനോഹരമാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ നൃത്താവിഷ്കാര

' പരിശീലനം .

2. വിവിധ കവിതകളുടെ നൃത്താവിഷ്കാര പരിശീലനം

3.പ്രശസ്തരായ ശാസ്ത്രീയ നൃത്ത കലാകാരികളെ പരിപയപ്പെടുത്തുന്നു.

ഡിസംബർ

1. വിവിധ നാടൻ കലകളെ പരിചയപ്പെടുത്തൽ : ഓരോ കലകളിലും

ഉപയോഗിക്കുന്ന വാദ്യോപകരണങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു.

ജനുവരി

1.ശിൽപ്പ നിർമ്മാണവുമായി ബന്ധപ്പെട്ട സാധ്യതകൾ മനസ്സിലാക്കുന്നു.

2.എടയ്ക്കൽ ഗുഹ, മഹാബലിപുരം തുടങ്ങിയ ശിൽപ്പങ്ങൾ ഉൾക്കൊള്ളുന്ന

വിവിധ സ്ഥലങ്ങളെക്കുറിച്ചുള്ള അറിവ് നേടുന്നു.

ഫെബ്രുവരി

1. നവരസങ്ങളെക്കുറിച്ചുള്ള വിവരണം, പരിശീലനം.

2. ഭാവാഭിനയം ഉൾച്ചേർന്ന നൃത്തരൂപങ്ങൾ സാധ്യതയിലൂടെ കണ്ട്

മനസ്സിലാക്കുന്നു.

3.അഭിനയ രീതി പരിശീലിപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ -കായികം

കായിക വിദ്യാഭ്യാസം എന്നത് ശരീരിക ക്ഷമത, ആരോഗ്യം, വ്യക്തിത്വ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന ഭാഗമാണ്. കുട്ടികൾക്കും മുതിർന്നവർക്കും പ്രേയോജനപ്പെടുന്ന വിവിധ തരം പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു

കായിക വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്

- ശരീരിക ക്ഷമത വർധിപ്പിക്കുന്നു
- ആരോഗ്യ മെച്ചപ്പെടുത്തുക
- വ്യക്തിത്വ വികസനം പ്രോത്സാഹിപ്പിക്കുക

- മനസ്സിനെ ഉന്മേശദായകം ആക്കുക
- സാമൂഹിക ഇടപെടൽ പ്രോത്സാഹിപ്പിക്കുക

## മേഖല – ICT

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പഠനോപകരണങ്ങൾ | |
|---|---|---|---|---|
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാകുക | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക. ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി ടി എ |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക. ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി ടി എ |
| പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശിലനം സാധ്യമാക്കുക | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ . ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി ടി എ |
| ഓരോ കാലഘട്ടത്തിലും സാങ്കേതികവിദ്യകൾ നൂതനം ആക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു ഇത്തരം ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോകാലഘട്ടത്തിലും ബോധവൽക്കരിക്കുക | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം മാറി മാറി വരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിന് ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | | സൈബർ സെൽ ചൈൽഡ് ലൈൻ |

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ഭൗതികം | കാലയളവ് | പിൻതുണ |
|---|---|---|---|---|
| മുഴുവൻ കുട്ടികളെയും പഠന അനുഭവങ്ങളുടെ ഭാഗമാക്കൽ | നോട്ട്ബുക്ക് നിർമാണം, പൂന്തോട്ട നിർമാണം, ജൈവ കൃഷി | നിർമാണ സാമഗ്രികൾ | ജൂൺ - ഓഗസ്റ്റ് | HM, WIE അധ്യാപിക |
| പോഷകാഹാരം ചിലവ് കുറഞ്ഞ രീതിയിൽ തയാറാകുന്നതിന് | ചീര സൂപ്പ്, ഇല്ലത്തോരൻ, സലാഡുകൾ | നിർമാണ സാമഗ്രികൾ | ജൂലൈ - ആഗസ്റ്റ് | WIE അധ്യാപിക, MPTA |
| പ്ലാസ്റ്റിക്കിന് എതിരെയുള്ള പരിസ്ഥിതി സംരക്ഷണം | ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗ്യമായ വസ്തുക്കളുടെ നിർമാണം. പേപ്പർ ക്യാരി ബാഗ് നിർമാണം, പഴയ വസ്തങ്ങൾ കൊണ്ട് സഞ്ചി നിർമാണം | നിർമാണ സാമഗ്രികൾ | ജൂൺ - മാർച്ച് | WIE അധ്യാപിക, PTA |
| വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനും മോടി കൂട്ടുന്നതിനുമുള്ള പ്രവർത്തനങ്ങൾ | വസ്ത്രം നിർമ്മിക്കുന്നതിനു ആവശ്യമായ അളവെടുപ്പ് തുണിയിൽ ഫാബ്രിക്ക് പെയിന്റിംഗ്, വെജിറ്റബിൾ പ്രിന്റ്, എംബ്രോയ്ഡറി, ടൈ & ഡൈ, ബാത്തിക് | നിർമാണ സാമഗ്രികൾ | സെപ്റ്റംബർ - ഡിസംബർ | WIE അധ്യാപിക |
| ആഘോഷ വേളകൾ അലങ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ആശംസ കാർഡ്, ക്രിസ്തുമസ് കാർഡ് | നിർമാണ സാമഗ്രികൾ | ഡിസംബർ - ജനുവരി | WIE അധ്യാപിക |
| ഓഫീസ് സ്റ്റേഷനറി | ഓഫീസ് ഫയൽ, റൈറ്റിങ് ബോർഡ്, എൻവലപ്പ് | നിർമാണ സാമഗ്രികൾ | ജനുവരി - ഫെബ്രുവരി | HM, WIE അധ്യാപിക |

# ജാഗ്രതാസമിതി

എല്ലാ ക്ലാസിൽ നിന്നും ജാഗ്രതാ സമിതിയിലേക്ക് രണ്ടു കുട്ടികളെ വീതം തെരെഞ്ഞെടുക്കുന്നു. അവരിലൂടെ ക്ലാസിലെ കുട്ടികൾക്കിടയിലുള്ള പ്രശ്നങ്ങൾ ക്ലാസ് ടീച്ചർ മുഖേന സമിതി മെമ്പറന്മാരെ അറിയിക്കുന്നു

വിവിധ പ്രശ്നങ്ങളിൽ അകപ്പെടുന്ന കുട്ടികളെ കണ്ടെത്തി പ്രശ്നപരിഹാര മാർഗങ്ങൾ കൈക്കൊള്ളുന്നു. നിയമപാലകരുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. ' കൗൺസിലിംഗ് ആവശ്യമായ കുട്ടികൾക്ക് കൗൺസിലിംഗിന്റെ സഹായം ലഭ്യമാക്കുന്നു. പ്രശ്നങ്ങളുള്ള കുട്ടികളുടെ ഭവനസന്ദർശനം നടത്തി കുടുംബ പശ്ചാത്തലം മനസിലാക്കുന്നു.

## Noon Feeding അടുക്കളത്തോട്ടം

2025-26 വർഷത്തെ ഉച്ചഭക്ഷണ പദ്ധതി
ശരിയായ ഭക്ഷണ ക്രമത്തിലൂടെ കുട്ടികളുടെയും സന്തുലിതമായ ആരോഗ്യം പരിപാലിക്കുന്നതിന് ഊന്നൽ നൽകുന്നു

ലക്ഷ്യം: എട്ടാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഭക്ഷണം ലഭ്യമാക്കുന്നു

പ്രവർത്തനങ്ങൾ
വൈവിധ്യമാർന്ന ഉച്ചഭക്ഷണം വൃത്തിയുള്ള സാഹചര്യം വ്യക്തമായ അന്തരീക്ഷം എന്നിവയിലൂടെ മികച്ച രീതിയിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കും

സ്കൂൾ നേച്ചർ ക്ലബ്ബിന്റെ സഹായത്തോടെ പച്ചക്കറിത്തോട്ടം നിർമ്മിച്ച വിഷരഹിതമായ പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതാണ്

കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയ്ക്കും വികാസത്തിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഊർജ്ജം നൽകുന്ന മാംസ്യം കൊഴുപ്പ് ദാദുക്കൾ തുടങ്ങിയ പോഷക ഗുണങ്ങൾ അടങ്ങിയ ഭക്ഷണങ്ങൾ ഉൾപ്പെടുത്തി മെനു തയ്യാറാക്കും

ആഴ്ചയിൽ ഒരു മുട്ട പുഴുങ്ങിയതോ കറി വെച്ചോ കുട്ടികൾക്ക് നൽകും. ആഴ്ചയിൽ രണ്ട് പ്രാവശ്യം 150 മില്ലി ലിറ്റർ തിളപ്പിച്ച പാൽ ഓരോ കുട്ടികൾക്കും നൽകും. മുട്ട ലഭ്യമല്ലാത്ത സാഹചര്യത്തിൽ മുട്ടയ്ക്ക് തുല്യമായ വിലയുള്ള നേന്ത്രപ്പഴം നൽകുന്നതാണ്

വാർഷികാസൂത്രണം

**ജൂൺ**

1. പ്രവേശനോത്സവം
2. പരിസ്ഥിതി ദിനാചരണം
3. വായനാദിനം
4. ലഹരി വിരുദ്ധ ദിനം
5. വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം

**ജൂലൈ**

6. ഞാറ്റുവേല
7. വൈക്കം മുഹമ്മദ് ബഷീർ ദിനാചരണം
8. ജനസംഖ്യ ദിനം
9. ജോൺ ഡാൾട്ടൺ പ്രതിവാര ക്വിസ്

**ആഗസ്റ്റ്**

10. ഹിരോഷിമ നാഗസാക്കി ദിനം
11. കിറ്റിന്ത്യ ദിനം
12. സ്വാതന്ത്ര്യ ദിനാഘോഷം
13. ചിങ്ങം ഒന്ന് കർഷക ദിനം
14. വിദ്യാരംഗം സാഹിത്യ ക്വിസ്

**സെപ്റ്റംബർ**

15. ഓണാഘോഷം- പൂക്കള മത്സരം
16. കായിക മത്സരങ്ങൾ, ഓണപ്പായസം
17. അധ്യാപകദിനം
18. ഹിന്ദി ഭാഷാ ദി നാചരണം
19. ഓസോൺ ദിനം
20. ഗണിത പൂക്കള മോഡൽ ദിനം

**ഒക്ടോബർ**

21. ഗാന്ധിജയന്തി

22. ലോകഭാഷ്യ ദിനം

23. ശാന്തി യാത്ര

24. മോൾ ദിനം

25. വയലാർ    അനുസ്മരണ ദിനം

**നവംബർ**

26. കേരളപ്പിറവി

27. ദേശീയ വിദ്യാഭ്യാസ ദിനം

28. ശിശുദിനം

29. സി വി രാമൻ ദിനം

30. നെഹ്റു രാഷ്ട്രീയ ശില്പി ഉപന്യാസം മത്സരം

**ഡിസംബർ**

31. തുഞ്ചൻ ദിനം

32. എയ്ഡ്സ് ദിനം

33. മനുഷ്യാവകാശ ദിനം

34. വൈലോപ്പിള്ളി അനുസ്മരണം

35. ഇടശ്ശേരി ജന്മദിനം

36. ക്രിസ്തുമസ് ആഘോഷം

37. രാമാനുജൻ ദിനം

38. ദേശീയ ഗണിതശാസ്ത്ര ദിനം

**ജനുവരി**

39. ന്യൂ ഇയർ ആഘോഷം

40. എസ്എസ്എൽസി വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിശീലന പരിപാടികൾ

41. പ്രത്യേക പരിശീലന പരിപാടികൾ

42. റിപ്പബ്ലിക് ഡേ

43. രക്തസാക്ഷി ദിനം

**ഫെബ്രുവരി**

44. അന്താരാഷ്ട്ര മാതൃഭാഷാ ദിനം

45. ദേശീയ ശാസ്ത്ര ദിനം

46. റിവിഷൻ

47. സ്കൂൾ ആനുവൽ ഡേ

**മാർച്ച്**

48. ലോകജലദിനം

49. വനിതാദിനം

50. പരീക്ഷകൾ

**ഏപ്രിൽ**

51. മൂല്യനിർണയം

52. റിസൾട്ട് തയ്യാറാക്കൽ

**മെയ്**

53. റിസൾട്ട് ടി സി വിതരണം

54. പുസ്തക വിതരണം

55. അഡ്മിഷൻ

## വിദ്യാരംഗം കലാസാഹിത്യ വേദി

വിദ്യാർത്ഥികളിൽ സാഹിത്യാഭിരുചി വളർത്തു വാനായി രൂപീകരിച്ച സംവിധാനമാണ് വിദ്യാരംഗം. നമ്മുടെ സ്കൂളിൽ കാലങ്ങളായി ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർക്കാർ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിൽ കൃത്യമായി നടക്കുന്നുണ്ട്. വർഷാവർഷം നടത്താറുള്ള കലാ മത്സരങ്ങൾ , ശില്പശാല തുടങ്ങിയവയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാറുണ്ട്. വരും വർഷങ്ങളിലും അതാവർത്തിക്കുന്നതാണ്. കൂടാതെ സ്കൂൾ തലത്തിൽ സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങളും നടത്താൻ ഉദ്ദേശിക്കുന്നു. കഥ, കവിത, പ്രസംഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ നടത്തണമെന്ന് ഉദ്ദേശിക്കുന്നു. രചനാ മത്സരങ്ങളും ( കഥ, കവിത, ഉപന്യാസം) മറ്റു മത്സര പരിപാടികളും നടത്തി. പ്രോത്സാഹന സമ്മാനങ്ങൾ നൽകാനും ഉദ്ദേശിക്കുന്നു.

### പരിസ്ഥിതി ക്ലബ്ബ് പ്രവർത്തനങ്ങൾ

**ജൂൺ**

ജൂൺ 5: ലോക പരിസ്ഥിതി ദിനം

ദിനാചരണ പരിപാടികൾ - വൃക്ഷത്തൈ നടൽ, പരിസ്ഥിതി ദിന സന്ദേശം, പ്രസംഗ മത്സരം, മികച്ച കുട്ടി കർഷകൻ ,ഫോട്ടോഗ്രാഫി മത്സരം, എല്ലാ മാസവും ആഴ്ചയിൽ ഫസ്റ്റ് പിരിയഡ് ഡ്രൈ ഡേ

**ജൂലൈ**

സ്കൂൾ പരിസര ശുചിത്വ പരിപാലനം - സ്കൂൾ ഹരിത കർമ്മ സേന ശുചീകരണം പ്ലാസ്റ്റിക് നിരോധനം

**ആഗസ്റ്റ്:**

ജൈവവൈവിദ്ധ്യ പാർക്ക് നവീകരണം ,ഇരിപ്പിടം ഒരുക്കുക, വള്ളിച്ചെടികൾ കൊണ്ടുള്ള പന്തൽ ഒരുക്കൽ ,ക്ലബ്ബ് രൂപീകരണം, ഔഷധത്തോട്ടം, ശലഭോദ്യാനം

**സെപ്റ്റംബർ:**

സെപ്റ്റംബർ 16 ഓസോൺ ദിനാചരണ പ്രവർത്തനങ്ങൾ, സന്ദേശം, പോസ്റ്റർ നിർമ്മാണ മത്സരം, വീഡിയോ പ്രദർശനം

**ഒക്ടോബർ**

ഫീൽഡ് ട്രിപ്പ്, ജപ്പാൻ കുടിവെള്ള പദ്ധതിയുടെ യൂണിറ്റ് സന്ദർശിച്ച് ഉൽപ്പാദനവും ശുദ്ധീകരണ പ്രവർത്തനങ്ങളും മനസിലാക്കുന്നു. തുടർന്ന് യാത്രാ കുറിപ്പ് തയ്യാറാക്കുന്നു

**നവംബർ**

പൊക്കാളി കൃഷിയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി തുറവൂർ അഞ്ചടിപ്പാടത്തെ പൊക്കാളി കർഷകനെ നേരിട്ട് കണ്ട് വിവരശേഖരണം പൊക്കാളി കൃഷിയെ കുറിച്ച് ക്ലബ്ബിൽ ചർച്ചകൾ, കരനെൽ കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കി സ്കൂൾ വളപ്പിൽ കരനെൽക്കൃഷി ഒരുക്കൽ

**ഡിസംബർ**

പരിസ്ഥിതി മലിനീകരണത്തിനെതിരെ പോസ്റ്റർ, സന്ദേശം ഉൾപ്പെട്ടിട്ടുള്ള റാലി

**ജനുവരി**

പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക എന്ന ല ക്ഷ്യത്തോടെ ചിലവ് കുറഞ്ഞ രീതിയിലുള്ള പേപ്പർ ബാഗ് നിർമ്മാണം,

**ഫെബ്രുവരി**

പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിന്റെ ഫലമായി തുണി സഞ്ചികളുടെ നിർമ്മാണം

**മാർച്ച്**

വേൾഡ് ഫോറസ്റ്റ് ഡേയുമായി ബന്ധപ്പെട്ട് നക്ഷത്ര വന നിർമ്മാണം, ക്ലബ്ബ് പ്രവർത്തനങ്ങളുടെ അവലോകനം

## എനർജി ക്ലബ്ബ് പ്രവർത്തനങ്ങൾ

**ജൂൺ**

ഊർജ സംരക്ഷണത്തിന്റെ ആവശ്യകതകൾ മനസിലാക്കുന്ന ബോധവത്ക്കരണക്ലാസ്

**ജൂലൈ**

ഊർജ സംരക്ഷണ പ്ലക്ക് കാർഡുകൾ തയ്യാറാക്കുന്നു., റാലി

**ആഗസ്റ്റ്**

സൗരോർജത്തിന്റെ മേൻമകൾ മനസ്സിലാക്കുന്ന ബോധവത്ക്കരണ ക്ലാസ്, കുട്ടികളുടെ സെമിനാർ

**സെപ്റ്റംബർ**

വീടുകളിൽ ഒരു മാസത്തെ വൈദ്യുത ഉപഭോഗം കുറയ്ക്കുവാൻ ചുറ്റുപാടുമുള്ള വീടുകളിൽ ഉപയോഗിക്കുന്ന വൈദ്യുത ഉപകരണങ്ങൾ കണ്ടെത്തുന്നു ഓരോ ഉപകരണവും പ്രവർത്തിപ്പിക്കുന്ന സമയം കണ്ടെത്തൽ കറന്റ് കുറയ്ക്കുവാനുള്ള മാർഗങ്ങൾ കണ്ടെത്തൽ

**ഒക്ടോബർ**

ഒരു മാസത്തെ വൈദ്യുത ഉപഭോഗം കുറച്ചതിന്റെ മാനദണ്ഡങ്ങൾ പരിശോധിക്കുന്നു. വിശകലനം

**നവംബർ**

ചോദ്യാവലികൾ തയ്യാറാക്കി സർവ്വേകൾ, വീടുകളിൽ മീറ്റർ റീഡിംഗ് കുറയ്ക്കുവാനുള്ള ബോധവത്ക്കരണം

**ഡിസംബർ**

ഊർജ സംരക്ഷണ ദിനാചരണം'ഊർജ സംരക്ഷണ ക്വിസ് പോസ്റ്റർ നിർമ്മാണം

**ജനുവരി**

വിദഗ്ധരുടെ സെമിനാറുകൾ

**ഫെബ്രുവരി**

ഊർജ സംരക്ഷണ ഉപന്യാസ മത്സര ങ്ങ ൾ

**മാർച്ച്**

പ്രവർത്തന പുരോഗതി വിലയിരുത്തൽ

# Student police cadet പദ്ധതി

വിദ്യാർത്ഥികളിൽ സാമൂഹ്യപ്രതിബദ്ധതയും സേവന സന്നദ്ധതയും നിയമ ബോധവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ student ploce cadet പദ്ധതി 2014 മുതൽ നമ്മുടെ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. "We learn to serve" എന്നതാണ് Spc യുടെ ആപ്തവാക്യം. അതനു സരിച്ചുള്ള പ്രവർത്തനങ്ങളും ആ വിഷ്കരിച്ചിട്ടുണ്ട്. 44 junior Cadet കളും 44 senior cadet കളുമാണ് ഒരു ബാച്ചിൽ ഉള്ളത്. ബുധൻ, ശനി ദിവസങ്ങളിൽ ആണ് പരിശീലനം നൽകുന്നത്. ശനിയാഴ്ചകളിൽ രാവിലെ 7.30 മുതൽ കായിക പരിശീലനവും തുടർന്ന് Indoor class കളും നടത്തപ്പെടുന്നു. ഈ ക്ലാസ്സുകളിൽ സമൂഹം നേരിടുന്ന വെല്ലുവിളികളായ ലഹരിയുടെ ഉപയോഗം, സൈബർ സുരക്ഷ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി തുടർച്ചയായ ക്ലാസ്സുകളാണ് കുട്ടികൾക്ക് നൽകിവരുന്നത്. കൂടാതെ ട്രാഫിക്ക് ബോധവൽക്കരണം, ജീവിത നൈപുണി, പരിസ്ഥിതി സംരക്ഷണം, നിയമ ബോധവൽക്കരണം എന്നീ വിഷയങ്ങളുടെ ക്ലാസ്സുകളും കൈകാര്യം ചെയ്യുന്നു. ബുധൻ, ശനി ദിവസങ്ങളിലെ പരിശീലനം കൂടാതെ 3 അവധിക്കാല ക്യാമ്പുകളും നടത്തപ്പെടുന്നു. ഈ സ്കൂൾ തല ക്യാമ്പുകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികളെ ജില്ലാ ക്യാമ്പിലും തുടർന്ന് സംസ്ഥാന ക്യാമ്പിലും പങ്കെടുപ്പിക്കുന്നുണ്ട്. ഈ പദ്ധതിയിൽ അംഗമാകുന്ന കുട്ടികളുടെ പരിശീലന കാലാവധി 8-ാം ക്ലാസ്സിൽ ആരംഭിച്ച് 10-ാം ക്ലാസ്സിലെ Promotion test നോട് കൂടി അവസാനിക്കുന്നു.

# ലിറ്റിൽ കൈറ്റ്

ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ ലിറ്റിൽ കൈറ്റ്സ് എ.ടി. ക്ലബ്ബ് സ്കൂളിൽ പ്രവർത്തിക്കുന്നു.120 കുട്ടികൾ ഈ ക്ലബ്ബിൽ അംഗങ്ങളാണ്. കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ്പ് നിർമ്മാണം,ഹാർഡ് വെയർ ഇലക്ട്രോണിക്സ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽകുട്ടികൾക്ക് വിദഗ്ധ പരിശീലനം സ്കൂളിൽ നൽകുന്നു. മാത്രമല്ല, വിദഗ്ധരുടെക്ലാസ്സുകളും ഒപ്പം സംഘടിപ്പിക്കുന്നു.

## പ്രവർത്തനങ്ങൾ

1. സ്കൂൾ വിക്കിയിൽ വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്യുക.

2. രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നു.

3. ഭിന്നശേഷിക്കാർക്ക് ഐ.ടി. പരിശീലനം '

4 ഡിജിറ്റൽ സ്കൂൾ മാഗസിൻ നിർമാണം.

5. സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ Documentation,video നിർമ്മാണം എന്നിവ ഒരുക്കുന്നു. .

6. പൊതു ജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും സ്വാതന്ത്ര്യ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത് നൽകുന്നു.

7. എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് പ്ലസ് വൺ അഡ്മിഷന് വേണ്ടി ഏകജാലകം ഹെല്പ് ഡെസ്ക് രൂപീകരിക്കുന്നു.

8. കാലോചിതമായ മറ്റ് പ്രവർത്തനങ്ങൾ കൂടി വിലയിരുത്തി നടപ്പിലാക്കുന്നു.

# സ്കൗട്ട് ആൻഡ് ഗൈഡ്

സ്കൗട്ട് ആൻഡ് ഗൈഡ് ശ്രീകണ്ഠേശ്വരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ലോക പരിസ്ഥിതി ദിനം പ്രമാണിച്ച് വൃക്ഷത്തൈ നടീൽ, ശുചീകരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ രചന മത്സരം മുതലായവ സംഘടിപ്പിച്ചു. ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്ന റാലി സംഘടിപ്പിച്ചു. സ്വാതന്ത്ര്യ ദിനം, ഗാന്ധിജയന്തി വാരാചരണം, പരിചിന്തന ദിനം മുതലായവ വിവിധ പരിപാടികളോടെ ആചരിച്ചുവരുന്നു. ഗാന്ധിജയന്തിയോടനുബന്ധിച്ച് ഏതെങ്കിലും ഒരു പൊതുസ്ഥലം തിരഞ്ഞെടുത്തു ശുചീകരണ പ്രവർത്തനങ്ങളും വൃക്ഷത്തൈ നടീലും നടത്തിവരുന്നു. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും സ്കൗട്ട് ആൻഡ് ഗൈഡുകൾ സേവനം നൽകിവരുന്നു.

## ജെ ആർ സി

ഇവിടെ ജെ ആർ സി യുടെ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. ഒരു യൂണിറ്റിൽ 30 കുട്ടികളെ പങ്കെടുപ്പിക്കാം. ഈ വർഷം യുപി സ്കൂളിൽ നിന്നു വരുന്ന jrc കുട്ടികളെ ആദ്യം ചേർക്കുകയും ബാക്കിയുള്ള കുട്ടികളെ താല്പര്യമനുസരിച്ച് ചേർക്കുന്നു. കഴിഞ്ഞ അധ്യയനവർഷത്തിൽ പത്താം ക്ലാസ്സിൽ 22 കുട്ടികൾ ഉണ്ടായിരുന്നു. ഇപ്പോൾ ഒമ്പതാം ക്ലാസ്സിൽ 30 കുട്ടികൾ ഉണ്ട് . ജെ ആർ സി കലണ്ടർ പ്രകാരം തന്നിരിക്കുന്ന ദിനാചരണങ്ങൾ ബോധവൽക്കരണ ക്ലാസുകൾ, കൈത്തൊഴിൽ പരിശീലനം, പച്ചക്കറി തോട്ടം, യോഗ ക്ലാസുകൾ എന്നിവ ഓരോ jrc കേഡറ്റുകളും ചെയ്തുവരുന്നു.

## സ്കൂൾ ലൈബ്രറി

ഏകദേശം 3000 ഓളം പുസ്തകങ്ങൾ ഉള്ള ലൈബ്രറി കുട്ടികളിൽ വായനാശീലം വളർത്താനും ഭാഷാപരമായ കഴിവ് ആർജിക്കാനും പൊതുവിജ്ഞാനം വളർത്താനും സാഹിത്യ അഭിരുചി വികസിപ്പിക്കാനും സഹായിക്കുന്നു. ക്ലാസ് ലൈബ്രറികൾ സജീവമാക്കാനും സാഹിത്യ ചർച്ചകൾ സംഘടിപ്പിക്കാനും കുട്ടികളിലെ സാഹിത്യാഭിരുചി വളർത്താനും വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കും

YIP മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട റിപ്പോർട്ട് -

അക്കാദമിക് മാസ്റ്റർ പ്ലാൻ അടുത്ത മൂന്നു വർഷത്തേക്ക് നടത്താനിരിക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒരു പ്രോഗ്രാമായ വൈ ഐ പി പ്രവർത്തനം മുന്നൊരുക്ക റിപ്പോർട്ട് ആണ് ഇവിടെ അവതരിപ്പിക്കുന്നത്.

കുട്ടികളുടെ ആശയങ്ങളെ യാഥാർത്ഥ്യമാക്കാനുള്ള പദ്ധതിയുമായി കേരള ഡെവലപ്മെന്റ് ഇന്നവേഷൻ ആൻഡ് ഇന്നവേഷൻ സ്റ്റേറ്റേജിക് കൗൺസിലിന്റെ യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാമിനുള്ള രജിസ്ട്രേഷൻ 2021 ഡിസംബർ മാസത്തിൽ നടക്കുകയുണ്ടായി. നൂതന ആശയങ്ങളുമായി കുട്ടികൾ പൂർണ്ണമായ രജിസ്ട്രേഷൻ 2022 ഫെബ്രുവരിയിൽ വൈ ഐ പി സൈറ്റിൽ സമർപ്പിക്കുകയും ചെയ്തു. 6 ആം ഗങ്ങളുമായി YIP യുടെ പ്രാഥമിക രജിസ്ട്രേഷൻ പൂർത്തിയായി.

എക്കാലത്തും ലോകത്തെ വഴിതിരിച്ച വിട്ടിട്ടുള്ള പ്രതിഭകൾ പഠനരംഗത്ത് മികവ് തെളിച്ചവരാകില്ല. വലിയ വലിയ സംഭാവനകൾ ചെയ്ത ശാസ്ത്രജ്ഞന്മാർക്കും കഴിവ്

തെളിയിച്ച സുപ്രസിദ്ധ വ്യക്തികൾക്കും അവരുടേതായ കഴിവുകളും വേറിട്ട ചിന്തകളും ആശയങ്ങളും ഉള്ളവരായിരുന്നു. അത്തരം വേറിട്ട ചിന്തകൾ വിദ്യാർത്ഥികളിൽ നിന്നും കണ്ടെത്തി പിന്തുണ ഒരുക്കി സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള പ്രയത്നമാണ് വൈ ഐ പി യിലൂടെ സർക്കാർ നടത്തുന്നത്. മൂന്നുവർഷം കാലാവധിയുള്ള ഈ പദ്ധതിയുടെ 2020 -23 ഐഡിയ രജിസ്ട്രേഷൻ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈൻ വഴിയാണ് ഐഡിയ പ്രസന്റേഷനും സെമിനാറുംനടത്തുന്നത്. 12 മുതൽ 32 വരെ ആണ് പ്രായപരിധി.സ്കൂൾ വിദ്യാർത്ഥികൾ മുതൽ ഗവേഷണ വിദ്യാർത്ഥികൾക്ക് വരെ പദ്ധതിയിൽ പങ്കാളികളാകാം

## ഉപസംഹാരം

എസ് എൻ എച്ച് എസ്സ് ഹൈസ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വതോന്മുഖ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്.
ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണെന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.
പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയരീതിയിൽ നടപ്പിലാക്കുവാൻ രക്ഷിതാക്കളുടേയും സമൂഹത്തിന്റേയും ജനപ്രതിനിധികളുടേയും സഹായം കൊണ്ട് സ്കൂളിന് സാധിക്കുമെന്ന ശുഭപ്രതീക്ഷയോടെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഇവിടെ ഉപസംഹരിക്കട്ടെ.